(സി) 246 ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്. ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്.

(ഡി) 232 ഏക്കർ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ

238 (3392) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സേവനം പരിമിതപ്പെടുത്തി വിവര സാങ്കേതിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുചാട്ടം തടസ്സപ്പെടുത്തുന്ന രീതിയിൽ നെറ്റ് ന്യൂട്രാലിറ്റി ഇല്ലാതാക്കാനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ വന്നാൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേതടക്കം ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതും അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നെറ്റ് ന്യൂട്രാലിറ്റി സംബന്ധിച്ച വിഷയം കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയമാണ്. ഇത് സംബന്ധിച്ച ആധികാരിക വിവരങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതി സി.ഇ.ഒ.

239 (3393) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതിയുടെ സി.ഇ.ഒ. ആരെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സി.ഇ.ഒ. ശ്രീ. ജിജോ ജോസഫിനെ തൽസ്ഥാനത്തു നിന്നും മാറ്റിയതിനുള്ള സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഡോ. ബാജു ജോർജ്ജാണ് നിലവിൽ കൊച്ചി സ്മാർട്ട് സിറ്റി സി.ഇ.ഒ. -യുടെ ചുമതല വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly